# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1073** **12.07.2016 ൽ മറുപടിയ്ക്ക്**

## വിഷാംശമുള്ള പച്ചക്കറികളുടെ വിതരണം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുറത്തുനിന്നു വരുന്ന പച്ചക്കറികളിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്ത് എത്തിച്ചേരുന്ന പച്ചക്കറികളുടേയും മറ്റും ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് ഇത്തരം ഭക്ഷ്യ പദാർത്ഥങ്ങളുടെ ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും ശേഖരിച്ച് സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം ലബോറട്ടറികളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006 ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേഴ്സ് ആക്റ്റ് പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ഇത്തരം ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനു വേണ്ടി രണ്ട് മൊബൈൽ ലബോറട്ടറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ഇത്തരം ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും നടപടികൾ |
| (ബി) | വിഷാംശമുള്ള പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെയുള്ള നിയമ നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ? | | |

ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. പരിശോധനയിൽ ലഭിക്കുന്ന വിവരങ്ങൾ മാധ്യമങ്ങളിലൂടെ അപ്പപ്പോൾ നൽകുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് അവബോധം ഉണ്ടാകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**